

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## ഹെൽമറ്റ് മരണനിരക്ക് കുറച്ചില്ല

2009ൽ സംസ്ഥാനത്ത് മുൻ വർഷത്തേക്കാൾ 139 പേർ കുറച്ചേ റോഡപകടങ്ങളിൽ മരണപ്പെട്ടുള്ളു എന്നു കാണുന്നതിൽ സന്തോഷം.(മലയാള മനോരമ, 2009 ഡിസംബർ 31) റോഡപകടങ്ങളേ ഇല്ലാത്ത നാളെയെക്കുറിച്ച് സ്വപ്നം കാണാനെങ്കിലും നമുക്ക് കഴിയട്ടെ എന്നാണ് പ്രാർത്ഥന. റോഡിൽ മരണം കുറഞ്ഞതിനു പ്രധാന കാരണമായി ഇരുചക്രവാഹനങ്ങളിലെ യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കിയതിനെ ചൂണ്ടികാണിക്കുമ്പോൾ പക്ഷേ, ലേഖികയോട് വിയോജിക്കാതിരിക്കാൻ വയ്യ.

ലേഖനത്തിലെ പട്ടിക പ്രകാരം ടിപ്പർ ലോറി ഒഴികെയുള്ള വാഹനങ്ങൾ മൂലമുള്ള അപകടമരണം കുറഞ്ഞതായാണ് കാണുന്നത്. മൊത്തം മരണത്തിൽ 27 ശതമാനത്തോളം മാത്രമാണ് ഇരു ചക്രവാഹനയാത്രികർ. 73 ശതമാനം പേർക്ക് ഹെൽമറ്റ് ബാധകമല്ലെന്നു വ്യക്തമാണല്ലോ.

റോഡിലുള്ള ഓരോ വിഭാഗത്തിലെയും വാഹനങ്ങളുടെ എണ്ണവും അവയുണ്ടാക്കുന്ന മരണവും താരതമ്യം ചെയ്താൽ ഇരു ചക്രവാഹനങ്ങളുടെ പങ്ക് വളരെ കുറവാണെന്നു കാണാം. മാത്രമല്ല ഇരു ചക്രവാഹന അപകടങ്ങളിൽ മരണം സംഭവിക്കുന്ന സംഭവങ്ങളിൽ മിക്കവയും വലിയ വാഹനങ്ങളുമായി കൂട്ടിയിടിച്ചാണ് ഉണ്ടാക്കുന്നത്. ഇതിൽ തന്നെ ധാരാളം കേസുകൾ വലിയ വാഹനങ്ങളുടെ പിഴവുകൊണ്ടുണ്ടാകുന്നതും അതിനാൽ തന്നെ അവയുടെ കണക്കിൽ പെടുത്തേണ്ടതുമാണ്.

2009 ൽ മുൻ വർഷത്തേക്കാൾ അപകടമരണം കുറഞ്ഞത് മൊത്തം അപകടത്തിലുണ്ടായ കുറവു മൂലമാണെന്നു കാണാം. 2008 ൽ 33918 അപകടങ്ങൾ നടന്ന സ്ഥാനത്ത് 2009 ൽ 31637 അപകടങ്ങൾ മാത്രമാണ് നടന്നതെന്ന് ലേഖനത്തിലെ പട്ടികയിൽ നിന്ന് മനസ്സിലാക്കാം 2008 ൽ ശരാശരി 9.84 അപകടങ്ങൾക്ക് ഒരു മരണമായിരുന്നുവെങ്കിൽ 2009 ൽ 9.57 അപകടങ്ങൾക്ക് ഒരു മരണം വീതമായിരുന്നു. അതായത് 2008 നെ അപേക്ഷിച്ച് 2009 ൽ മരണനിരക്ക് വർദ്ധിക്കുകയായിരുന്നു.

ഇരു ചക്രവാഹനങ്ങളിൽ ഹെൽമറ്റില്ലാതെ യാത്രചെയ്യുന്നവരെ ഓടിച്ചിട്ടു പിടിച്ചതിന്റെ ഫലമായി കൂടുതൽ യാത്രികർ ഹെൽമെറ്റു ധരിക്കാൻ തുടങ്ങിയ 2009 ൽ ഇരു ചക്രവാഹന അപകടങ്ങളിലും മരണനിരക്ക് വർദ്ധിക്കുകയായിരുന്നു. 2008 ൽ 11815 ഇരു ചക്രവാഹന അപകടങ്ങളിലായി 941 പേരാണ് മരിച്ചത്. ശരാശരി 12.56 അപകടത്തിന് ഒരു മരണം എന്നതായിരുന്നു നിരക്ക്. 2009 ലാകട്ടെ 10415 ഇരു ചക്രവാഹന അപകടങ്ങളിൽ 882 മരണമാണ് സംഭവിച്ചത് മരണനിരക്ക് ശരാശരി 11.81 അപകടത്തിന് ഒന്ന് എന്ന രീതിയിൽ വർദ്ധിക്കുകയായിരുന്നു.

ഹെൽമറ്റ് ഉപയോഗം കുറഞ്ഞിരുന്ന 2008 ൽ 1000 അപകടങ്ങളിൽ 76 പേരോളമാണ് മരിച്ചതെങ്കിൽ 2009ൽ ഹെൽമെറ്റിന്റെ ഉപയോഗം കൂടിയപ്പോൾ 1000 അപകടത്തിന് 85 പോരോളമാണ് മരണമടഞ്ഞത്. ട്രാഫിക് ഐ.ജി യുടെ തന്നെ ഈ കണക്കുകളുടെ പശ്ചാത്തലത്തിൽ ബഹുഭൂരിപക്ഷം ഇരു ചക്രവാഹന യാത്രക്കാരുടേയും ഇച്ഛയ്ക്കെതിരായി ഹെൽമെറ്റ് അടിച്ചേൽപ്പിക്കുന്ന നയം സർക്കാർ പുന:പരിശോധിക്കേണ്ടതാണ്.

**എസ്. പി. രവി.**

ചൈതന്യ, പരിയാരം പി.ഒ. ചാലക്കുടി

## കോപ്പൻ ഹേഗനും ഉൾപ്പെടുത്തണമായിരുന്നു

ഡിസംബർ ലക്കം കേരളീയം നന്നായിട്ടുണ്ട്. ഗ്രാന്റ് കേരളാ ഷോപ്പിങ് ഫെസ്റ്റിവലിന്റെ പൊങ്ങച്ച രാഷ്ട്രീയം തുറന്നുകാട്ടിയതിന് നന്ദി. ഈ വൃത്തികെട്ട ഉപഭോഗ ആസുരതക്ക് കൊടി പിടിക്കാൻ മലയാളത്തിന്റെ അഭിമാനങ്ങളെന്ന് നാം കരുതിയിരുന്ന എഴുത്തുകാർ ചാടിപ്പുറപ്പെട്ടതിലാണത്. കേരളത്തിലെ സാധാരണക്കാരനോ, ഈ സമ്പദ് വ്യവസ്ഥക്കോ ഇത്തരം ഉത്സവങ്ങൾ കൊണ്ട് എന്തു ഗുണമുണ്ടാകുമെന്ന് കരുതിയിട്ടാണ് എന്ന് അവർ വ്യക്തമാക്കേണ്ടതുണ്ട്.

പക്ഷേ, മാസിക നിർബ്ബന്ധമായും ഹൈലൈറ്റ് ചെയ്യേണ്ടിയിരുന്ന കോപ്പൻ ഹേഗൻ ഉച്ചകോടിയെക്കുറിച്ച് ഒരു ചെറുലേഖനം പോലും ഉൾക്കൊള്ളിയ്ക്കാതിരുന്നത് കഷ്ടമായി, സമ്മേളനത്തിന്റെ സാദ്ധ്യതകളെക്കുറിച്ചും വരും വരായ്കകളെക്കുറിച്ചും നീണ്ട വിലയിരുത്തലുണ്ടാകുമെന്ന് കരുതിയവർക്ക് തെറ്റി.

മേലിലെങ്കിലും ആനുകാലിക പ്രസക്തിയുള്ള ദേശീയ അന്തർദ്ദേശീയ സംഭവങ്ങളെയോ സമരങ്ങളെയോ ഫോക്കസ് ചെയ്ത് വായനക്കാർക്ക് പരിചയപ്പെടുത്തിയാൽ നന്നായിരുന്നു. ശുഭാശംസകളോടെ

**ഈനാശു എ.**

വില്ലടം, തൃശൂർ

### വായനക്കാരുടെ പ്രതികരണങ്ങൾ

അറിയിപ്പുകൾ, അഭിപ്രായങ്ങൾ എല്ലാം എഴുതുക/വിളിക്കുക/അയക്കുക.

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9446576943
e-mail : robinkeraleeyam@gmail.com